(ബി) അഖിലേന്ത്യാ സർവ്വീസ് കേഡർ ചട്ടം 9 പ്രകാരം നോൺ-കേഡർ ഉദ്യോഗസ്ഥരെ കേഡർ തസ്തികകളിൽ നിയമിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ പകർപ്പ് അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്.*

(സി) അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെ പ്രത്യേകിച്ച്, ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ ധാരാളം ഒഴിവുകൾ സംസ്ഥാനത്ത് നിലവിലുള്ളതിനാൽ കേഡർ തസ്തികകളിൽ ബന്ധപ്പെട്ട വകുപ്പുകളിലെ ഏറ്റവും സീനിയറായ ഉദ്യോഗസ്ഥരെയോ ആ വകുപ്പുകളിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥരെയോ ഭരണപരമായ സൗകര്യാർത്ഥം നിയമിച്ചിട്ടുണ്ട്.

സിവിൽ സർവ്വീസ് ഓഫീസർമാരുടെ ഒഴിവുകൾ

50 (1914) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ എത്ര സിവിൽ സർവ്വീസ് ഓഫീസർമാരുടെ തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത് ;

(ബി) ഇതിൽ ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. ഓഫീസർമാരുടെ ഒഴിവുകൾ എത്ര എണ്ണം വീതമുണ്ട് ;

(സി) സിവിൽ സർവ്വീസ് ഓഫീസർമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് നിമിത്തം ഭരണരംഗത്ത് നിശ്ചലാവസ്ഥ സംജാതമാകും എന്നതു കണക്കിലെടുത്ത് ഒഴിവുകൾ നികത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് സിവിൽ സർവ്വീസ് ഓഫീസർമാരിൽ 83 ഐ.എ.എസ്.-കാരുടെയും 36 ഐ.പി.എസ്. ഉദ്യോഗസ്ഥരുടെയും 26 ഐ.എഫ്.എസ്. ഉദ്യോഗസ്ഥരുടെയും ഒഴിവുകളും കേരള സിവിൽ സർവ്വീസ് (എക്സിക്യൂട്ടീവ്)-ൽ ഉൾപ്പെടുന്ന ഡെപ്യൂട്ടി കളക്ടർ തസ്തികയിൽ ഒരു ഒഴിവും നിലവിലുണ്ട്.

(സി) കേരള സിവിൽ സർവ്വീസ് (എക്സിക്യൂട്ടീവ്)-ൽ ഉൾപ്പെടുന്ന ഡെപ്യൂട്ടി കളക്ടർ തസ്തികയിൽ നിലവിലുള്ള ഒരൊഴിവ് ട്രാൻസ്ഫർ പ്രൊമോഷൻ മുഖേന നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഐ.എ.എസ്/ഐ.പി.എസ്/ഐ.എഫ്.എസ്. എന്നീ വിഭാഗങ്ങളിൽ ഒഴിവുള്ള തസ്തികകളിൽ നിലവിലുള്ള ഉദ്യോഗസ്ഥർക്ക് അധിക ചുമതലകൾ നൽകിവരുന്നതിനാൽ ഭരണരംഗത്ത് നിശ്ചലാവസ്ഥയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly